ശ്രീ. വി. ചെന്താമരാക്ഷൻ : ഷെർളി ട്രാവൽസ്, മന്ത്രിയുടെ ഭാര്യ നടത്തുന്ന സ്ഥാപനമാണ്. ഒരു കി.മീ. ഓടാതെ പണം കൊടുത്തിരുന്നു. ആക്ഷേപം ഹൈക്കോടതിയിൽ വന്നു. ഇപ്പോൾ എ.ടി.എസ്. എന്ന സ്ഥാപനത്തിന് കൊടുത്തിരിക്കുകയാണ്. ഇതിൽ ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ : എല്ലാപേരുടേയും റിക്വസ്റ്റ് അനുസരിച്ച് ഞാൻ സമ്മതിച്ചതാണ്. Now you resume your seat.

ശ്രീ. വി. ചെന്താമരാക്ഷൻ : ഈ കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും എതിർക്കുകയാണ്.

IX വ്യക്തിപരമായ വിശദീകരണം

ഡോ. തോമസ് ഐസക് : കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് എന്നെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതാപൻ ചില പരാമർശങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ആലപ്പുഴ ജില്ലക്കാരനല്ലാത്ത അദ്ദേഹത്തിന് ആ സമരത്തിന്റെ വിശദാംശങ്ങൾ അറിയില്ല. ആ നാട്ടിലെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി ഈ സർക്കാരിന്റെ നിലപാടിനെതിരെ സമരം ചെയ്യുകയാണ്. ഇവിടെ പരാമർശവിഷയമായ നിർദ്ദിഷ്ട ദിവസം നമ്മുടെ പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി(ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കേണ്ടിയിരുന്നതു കൊണ്ട് ആലപ്പുഴയിൽ അന്ന് പോയില്ല. അല്ലാതുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞാൻ സജീവപങ്കാളിയാണ്. രണ്ടേ രണ്ടു പാർട്ടികളാണ് ആലപ്പുഴയിൽ ഈ സമരത്തിൽ പങ്കെടുക്കാതിരുന്നത്. ഒന്ന്, ലീഗ്, രണ്ട് നിങ്ങളുടെ ഡി.സി.സി.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഞാനിവിടെ അൽപ്പനേരം ഇല്ലാതിരുന്ന സമയത്ത് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട പ്രതാപൻ എന്നെ സംബന്ധിച്ച് കരിമണലുമായി ബന്ധപ്പെടുത്തി ഒരു ആക്ഷേപം ഉന്നയിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം പതിവായി പത്രം വായിക്കാത്ത ആളാണെന്ന് ഞാൻ കരുതിയിരുന്നില്ല. ഞാൻ അതു സംബന്ധിച്ച് വ്യക്തമായി എന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുള്ളതാണ്. അവിടെ ആറാട്ടുപുഴ, കാർത്തികപ്പള്ളി പ്രദേശങ്ങളിൽ വാലുപോലെ കടലിലേയ്ക്ക് നീണ്ടുകിടക്കുന്ന പ്രദേശത്ത് പൊതുമേഖലയായാലും സ്വകാര്യമേഖലയായാലും ഏതു തരത്തിലുമുള്ള ഖനനം അവിടെ നടത്തിയാലും ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകും. കടൽകയറ്റവും ഇറക്കവും ഉണ്ടായിരുന്ന അവസരത്തിൽ എപ്പോഴും ആളുകൾ മാറി താമസിക്കാം, പിന്നെയും താമസിക്കാം ഇങ്ങനെയുള്ള രീതിയാണ്. ആ നിലയിലുള്ള പ്രദേശത്തുനിന്ന് ഈ രീതിയിൽ മണ്ണെടുക്കുകയും ഖനനം ചെയ്യുകയും ചെയ്യുന്നത് അത്യന്തം ദ്രോഹകരമാണ്. അത് പ്രൊസീഡ് ചെയ്യരുത് എന്ന് ഞാൻ എന്റെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുണ്ട്. എം. എ. ബേബിയുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ ദേവകുമാറും അവിടത്തെ പാർട്ടിയുമെല്ലാംതന്നെ പ്രതിഷേധിക്കുന്നത് വി.എസ്. അച്ചുതാനന്ദനും, ശ്രീ. പിണറായി വിജയനും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ പാർട്ടിനേതാക്കന്മാരും ആരുംതന്നെ അറിയാതെയാണ്, അവിടെ ശ്രീ. സുധീരനുമായി ചേർന്ന് ഇതിനെതിരെ പ്രതിഷേധം നടത്തുന്നു എന്ന് വല്ല വിഡ്ഢികളും ധരിക്കുന്നുണ്ടെങ്കിൽ ശ്രീ. പ്രതാപൻ അങ്ങനെ ധരിക്കരുത്. ഞങ്ങളുടെ പാർട്ടി എല്ലാം വ്യക്തമായിത്തന്നെ പറയുന്നുണ്ട്. നിങ്ങളുടെ പാർട്ടിയെപ്പോലെ ഗ്രൂപ്പുകളില്ല. ശ്രീ. കെ. സി. വേണുഗോപാലും, ശ്രീ. വി.എം. സുധീരനും അല്ലാതെ വേറെ ആരും ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതു സംബന്ധിച്ച് അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമെന്നാണ് കരുതുന്നത്. ഈ കാര്യം സംബന്ധിച്ച് ഞങ്ങളുടെ നിലപാട് വ്യക്തമാണ്.

ധനകാര്യം (തുടർച്ച)

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം 93 കോടി രൂപ മൽസ്യത്തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. ഇത് കേരളത്തിന്റെ ചരിത്രത്തിലെ സർവ്വകാല റിക്കാർഡാണ്. മൽസ്യഫെഡ്ഡ് വഴി മാത്രമായി 15 കോടിരൂപയുടെ സഹായം കൊടുത്തിട്ടുണ്ട്. പത്ത് അദാലത്തുകൾ നടത്തി. ശ്രീമതി മെഴ്സിക്കുട്ടിയമ്മയാണ് മൽസ്യഫെഡിന്റെ ചെയർപേഴ്സൺ. മൽസ്യത്തൊഴിലാളി മേഖലയിൽ കടാശ്വാസത്തിനുവേണ്ടി 15 കോടിരൂപയുടെ പദ്ധതി സുതാര്യമായിട്ടാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയത്, അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിന്റെ 15 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു കിട്ടിയ 3.25 കോടി രൂപയും ഉൾപ്പെടെ 18.25 കോടിരൂപ തീരസമൃദ്ധി പദ്ധതി വഴി ചെലവഴിച്ചു. ഒരു വീടിന് 20,000 രൂപ വച്ച് നാലായിരം വീടുകൾക്ക് ഞങ്ങൾ സാമ്പത്തികസഹായം നൽകി. തീര സമൃദ്ധി പദ്ധതി നടപ്പിലാക്കിയത് നമ്മുടെ ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയാണ്. അവിടെ എന്താണ് പരാതിയെന്ന് എനിക്കറിയില്ല. കേരളത്തിൽ ആദ്യമായി കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടത്തിയ പദ്ധതികളാണ്. ഇവിടെ സമ്പാദ്യ സമാശ്വാസ പദ്ധതികളെക്കുറിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വലിയ ബാദ്ധ്യത ഏറ്റെടുത്ത പദ്ധതിയാണ് അത്. കടലോര മൽസ്യത്തൊഴിലാളികൾക്ക് 1,200 രൂപയും, ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് 900 രൂപയുമാണ് ഈ ഗവൺമെന്റ് നൽകുന്നത്. മുൻ സർക്കാർ കുടിശിക വരുത്തിയ 219.85 ലക്ഷംരൂപയടക്കം ഈ സർക്കാർ 2,653.294 ലക്ഷം രൂപ വിതരണം ചെയ്തു. മറ്റൊന്ന് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ 1,366 ലക്ഷം രൂപയുടെ മുതലപ്പൊഴി പദ്ധതി, 624 ലക്ഷം രൂപ വരുന്ന കായംകുളം പദ്ധതി, 2,759.4 ലക്ഷം രൂപയുടെ പൊന്നാനി പദ്ധതി എന്നിവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയതാണ്. സമയബന്ധിതമായി ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽതന്നെ പൂർത്തീകരിക്കുകയും ചെയ്യും. 1,630 ലക്ഷം രൂപയുടെ തോട്ടപ്പള്ളി പദ്ധതിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഡെപ്യൂട്ടി ലീഡർ ഉന്നയിച്ച 1,970 ലക്ഷം രൂപയുടെ തലായി പദ്ധതി, 2,300 ലക്ഷം രൂപയുടെ കൊയിലാണ്ടി പദ്ധതി എന്നിവയുടെ എല്ലാ ഇൻവെസ്റ്റിഗേഷനും കഴിഞ്ഞു. പ്രതിപക്ഷ ഉപനേതാവ് തലായി പദ്ധതിയെപ്പറ്റി പറഞ്ഞിട്ട് 15 ദിവസമേ ആയുള്ളൂ. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly